മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ) ദുബായ് ഇന്റർനെറ്റ് സിറ്റിയുമായുള്ള പ്രഥമ ധാരണാപത്രം ഇതുവരെ ഒപ്പിട്ടിട്ടില്ല. കേരള ഗവൺമെന്റ് ധാരണാപത്രത്തിന്റെ കരട്രൂപം അയച്ചു കൊടുക്കുകയും ദുബായ് ഇന്റർനെറ്റ് സിറ്റി അധികൃതർ അവരുടെ മറുപടി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 33,300 നേരിട്ടുള്ള തൊഴിലവസരങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) കർണ്ണാടക സർക്കാർ, സിംഗപ്പൂർ ആസ്ഥാനമായുള്ള ജെ.ടി.സി., ഇന്ത്യയിലെ ടാറ്റാ ഗ്രൂപ്പുമായി ചേർന്ന് ഐ.ടി.പി.എൽ. എന്ന ബൃഹത് പാർക്ക് നടപ്പാക്കിയിട്ടുണ്ട്. കർണ്ണാടക സംസ്ഥാനത്തിന്റെ ഐ.ടി. മേഖലയിലെ കയറ്റുമതിയുടെ സിംഹഭാഗവും ഈ പാർക്കിൽ നിന്നാണ് ചെയ്യുന്നത്. ആന്ധ്രാപ്രദേശ് ഗവൺമെന്റ് ഹൈദരാബാദിൽ എൽ. ആൻഡ് ടി. യുമായി സഹകരിച്ച് ഹൈടെക് സിറ്റി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. തമിഴ്നാട് സർക്കാർ മഹീന്ദ്രയുമായി സഹകരിച്ച് ചെന്നൈയിൽ മഹീന്ദ്രപാർക്കും വിജയകരമായി നടത്തിവരുന്നുണ്ട്.

(ഡി) ധാരണാപത്രം ഒപ്പിട്ടിട്ടില്ല.

രോഗ പ്രതിരോധ നടപടികൾ

*15 [14] *ശ്രീ. ടി. പി. എം. സാഹിർ:*

„ *പി. കെ. കെ. ബാവ:*

„ *സി. മോയീൻകുട്ടി:*

„ *കെ. എൻ. എ. ഖാദർ:*

„ *പി. കെ. അബ്ദുറബ്ബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലരോഗങ്ങൾ പടരുന്നത് തടയാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) എലിപ്പനി, ഡെങ്കിപ്പനി എന്നീ രോഗങ്ങൾ ബാധിച്ച സ്ഥലങ്ങളിൽ അവയുടെ നിവാരണത്തിനായി എന്തെല്ലാം പ്രത്യേക നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത നടപടികൾ രോഗം ചികിത്സിച്ചു ഭേദമാക്കുന്നതിനും പ്രതിരോധത്തിനും എത്രമാത്രം ഉപകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) & (ബി) ഉണ്ട്. സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

(സി)

(1) എലിപ്പനിയുടെ പ്രതിരോധത്തിനും നിയന്ത്രണത്തിനും വേണ്ടി ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജില്ലാതലം മുതൽ വാർഡ്തലം വരെ നടത്തി വരുന്നു.

(2) പരിസര ശുചീകരണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിവരുന്നു.

(3) കൃഷിയിടങ്ങളിലും ചതുപ്പു സ്ഥലങ്ങളിലും ജോലി ചെയ്യുന്നവർക്കായി പ്രത്യേക ബോധവൽക്കരണ ക്ളാസുകൾ നടത്തിവരുന്നു.

(4) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും രോഗ നിർണ്ണയത്തിനായുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ചികിത്സാ സൗകര്യങ്ങളും എല്ലാ ആശുപത്രികളിലും നടപ്പിലാക്കിയിട്ടുണ്ട്.

(5) രോഗം മുൻകൂട്ടി കണ്ടെത്തിയാൽ മരണം ഒഴിവാക്കപ്പെടാം എന്നുള്ളതിനാൽ ലക്ഷണങ്ങൾ കാണുന്നവരെ ഉടൻതന്നെ രോഗനിർണ്ണയത്തിന് വിധേയരാക്കുന്നുമുണ്ട്.

(6) ഡെങ്കിപ്പനി പ്രതിരോധത്തിനായി ഊർജ്ജിത കൊതുകു നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയതിന് ശേഷം കേരളത്തിൽ പൊതുവെ രോഗ സംക്രമണവും മരണനിരക്കും താരതമ്യേന കുറഞ്ഞിട്ടുണ്ട്.

(ചോദ്യം നമ്പർ (*15)-ന്റെ ഉത്തരം ലഭ്യമായിട്ടില്ല.)

മരുന്നുകളും ശസ്ത്രക്രിയാ സാമഗ്രികളും വാങ്ങിയതിലെ അഴിമതി

*16 [16] *ശ്രീ. ആർ. ബാലകൃഷ്ണപിള്ള:*

„ *ജോണി നെല്ലൂർ:*

„ *ടി. എം. ജേക്കബ്:*

„ *കെ. ബി. ഗണേഷ്കുമാർ:*

„ *ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ നിന്നും മരുന്നും ശസ്ത്രക്രിയാ സാമഗ്രികളും വാങ്ങുന്നതിൽ വൻ അഴിമതി നടക്കുന്നതായി പത്രങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *14 (14) കാണുക]

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കളക്ടർമാരുടെയും ജില്ലാ മെഡിക്കൽ ആഫീസർമാരുടെയും നേതൃത്വത്തിൽ മഴക്കാല രോഗങ്ങൾ തടയുന്നതിന് ആവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ജില്ലാതലം മുതൽ വാർഡ് തലംവരെ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതികൾ രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്. 67 ലക്ഷം രൂപ സാംക്രമിക രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നൽകിയിട്ടുണ്ട്. ഈ തുക ട്രഷറി നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 29-6-2005-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റുമന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും ഉൾപ്പെട്ട ഇന്റർ സെക്റ്ററൽ കോ-ഓർഡിനേഷൻ കമ്മിറ്റി കൂടുകയും സംസ്ഥാനത്തെ സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്യുകയുണ്ടായി. എല്ലാ ഗവ. ഡിപ്പാർട്ടുമെന്റുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ബഹുജന പങ്കാളിത്തത്തോടുകൂടി സാംക്രമിക രോഗപ്രതിരോധ നടപടികൾ ശക്തമായി നടപ്പിലാക്കുന്നതിനായി 6-7-2005-ന് ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലേയും സെക്രട്ടറിമാരെയും മറ്റ് ഉദ്യോഗസ്ഥൻമാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്.

സാംക്രമിക രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിലേക്ക് വേണ്ടി ജില്ലകൾക്ക് ഓരോ വർഷം രൂപ അധികം നൽകുവാനും തീരുമാനമായി. ജനങ്ങളുടെ ഇടയിൽ വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുവേണ്ടി എല്ലാ വീടുകളിലും ഓരോ നോട്ടീസ് വീതം എത്തിക്കുന്നതിനും, പ്രധാന സ്ഥലങ്ങളിൽ പോസ്റ്റർ പതിക്കുന്നതിനും ബോർഡുകൾ സ്ഥാപിക്കുന്നതിനും തീരുമാനമായി.

സ്കൂൾ, കോളേജ് വിദ്യാർത്ഥികളിലൂടെ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നതിനായി ഒരാഴ്ച നീണ്ടുനിൽക്കുന്ന സ്കൂൾ ബോധവൽക്കരണ പരിപാടിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങളും നടന്നുവരുന്നു.

രോഗം കാലേക്കൂട്ടി നിർണ്ണയിക്കുന്നതിനും ആവശ്യമായ പരിശോധന ലഭ്യമാക്കുന്നതിനുംവേണ്ടി എല്ലാ ജില്ലകൾക്കും രോഗ നിർണ്ണയ ഉപകരണങ്ങൾ ലഭ്യമാക്കി കഴിഞ്ഞു.

LIBRARY.ARCHIVES Kerala Legislative Assembly

എല്ലാ ജില്ലകളിലും പനിയുള്ളവരെ പരിശോധിക്കുന്നതിനും രോഗനിർണ്ണയം നടത്തുന്നതിനുംവേണ്ടി പ്രത്യേക ഹീവർ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

കൊതുകുജന്യരോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും വേണ്ടി കൊതുകു നശീകരണ പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

കൊതുകുകളുടെ സാന്ദ്രത മനസ്സിലാക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനും വേണ്ടിയുള്ള പഠനങ്ങൾ സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടന്നുവരുന്നു.

ഡെങ്കിപ്പനിയുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് എല്ലാസ്ഥലത്തും ഊർജ്ജിതമായി കൊതുകിന്റെ പ്രജനന ഉറവിടങ്ങൾ കണ്ടെത്തി നശിപ്പിക്കുന്ന പ്രവർത്തനങ്ങൾ ജനങ്ങളുടേയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ നടന്നുവരുന്നു.

എലിപ്പനിക്കെതിരെ ബോധവൽക്കരണവും പരിസരശുചീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ എല്ലാ ആശുപത്രികളിലും ഫലപ്രദമായ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly